ഇൻഡിവുഡ്


# ഭാഷാ സാഹിത്യ പുരസ്കാരം

## മലയാളം 2025

**ഭാഷാകേസരി പുരസ്കാരം**

**500001 രൂപ**

**മറ്റ് 25 പുരസ്കാരങ്ങൾക്ക്**
**ഓരോന്നിനും പതിനായിരം രൂപ വീതം**



**അവസാന തീയതി** **2025 ജൂലൈ 31**

# ഇൻഡിവുഡിനെക്കുറിച്ചും, ഇൻഡിവുഡ് പുരസ്കാരങ്ങളെക്കുറിച്ചും..



## ആമുഖം

മലയാളത്തിലെ സാഹിത്യമേഖലയിൽ നിന്നുള്ള യുവ പ്രതിഭാശാലികളെ ആദരിയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ, അഞ്ചുവർഷം മുൻപ് സംഘടിപ്പിച്ച 'ഇൻഡിവുഡ്" ഭാഷാ സാഹിത്യ പുരസ്കാരം മലയാളം 2025' എന്ന, മലയാളഭാഷയിലെ ഏറ്റവും ഉയർന്ന പുരസ്കാര മൂല്യമുള്ള സാഹിത്യോത്സവത്തിന് ഒരിയ്ക്കൽക്കൂടി ഇപ്പോൾ അരങ്ങുണരുകയാണ്.

വൈദേശിക ഭാഷകളുടെ അധിനിവേശത്തിനിടയിൽപ്പെട്ട് ഒരുതരം സങ്കര സംസ്കാരത്തിലേയ്ക്ക് ഭാരതീയ ഭാഷകൾ അതിവേഗം നീങ്ങിക്കോണ്ടിരിയ്ക്കുന്ന ഈ കാലഘട്ടത്തിൽ, ആ കുത്തൊഴുക്കിൽ അകപ്പെട്ട് ഒലിച്ചുപോകാതെ നമ്മുടെ ഭാഷയുടെ തനിമയെ അക്ഷരങ്ങളിലൂടെ സംരക്ഷിച്ചുകൊണ്ടിരിയ്ക്കുന്ന പുതിയ തലമുറയ്ക്ക് പ്രചോദനം നൽകുക എന്നതാണ് ഈ പുരസ്കാരങ്ങളുടെ ലക്ഷ്യം.

മലയാളഭാഷയിലെ ഏറ്റവും ഉയർന്ന മൂല്യമുള്ള പുരസ്കാരത്തുകയായ അഞ്ചുലക്ഷത്തിയൊന്ന് രൂപയും പ്രശസ്തി പത്രവും ഭാഷാകേസരി പുരസ്കാര ജേതാവിന് സമ്മാനിക്കുന്നതിനോടൊപ്പം മറ്റ് ഇരുപത്തിയഞ്ച് പുരസ്കാര ജേതാക്കൾക്കും പതിനായിരം രൂപയും പ്രശസ്തി പത്രവും സമ്മാനമായി നൽകുന്നുണ്ട്. പുതിയ തലമുറയെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി ആയതിനാൽ ഭാഷാ കേസരി പുരസ്കാരം ഒഴിച്ചുള്ള മറ്റ് പുരസ്കാരങ്ങൾക്ക് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ട്. അത് ഉൾപ്പെടെയുള്ള നിയമാവലി താഴെ കൊടുക്കുന്നു.

## ഇൻഡിവുഡ് ഭാഷാ സാഹിത്യ പുരസ്കാരം മലയാളം 2025

വിനോദം, വിജ്ഞാനം, വ്യവസായം, സാമൂഹികം, ശാസ്ത്രം തുടങ്ങി വിവിധ മേഖലകളിൽ മികവുപുലർത്തിയ ഭാരതീയരെ ആദരിയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് 'ഇൻഡിവുഡ് പുരസ്ക്കാരങ്ങൾ വർഷങ്ങളായി നൽകിവരുന്നത്. പ്രോജക്ട് ഇൻഡിവുഡിന്റെ ഭാഗമായി രണ്ടായിരത്തി പതിനഞ്ചിൽ അന്നത്തെ കേരളാ മുഖ്യമന്ത്രിയുടെ രക്ഷാകർതൃത്വത്തിൽ ആഗോള ചലച്ചിത്ര ഉത്സവവും അന്താരാഷ്ട്ര ഫിലിം മാർക്കറ്റും ഇൻഡിവുഡ് സംഘാടക സമിതിയുടെ കാർമ്മികത്വത്തിൽ കൊച്ചിയിൽ സംഘടിപ്പിയ്ക്കുകയും പുരസ്കാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തിരുന്നു. രണ്ടായിരത്തി പതിനാറിൽ തെലുങ്കാന ഗവൺമെന്റിന്റെ സഹകരണത്തോടെ, രാമോജി ഫിലിം സിറ്റിയിൽ നടത്തിയ ഇൻഡിവുഡ് മേളയിൽ നമ്മുടെ ബഹു. ഉപരാഷ്ട്രപതി ആയിരുന്ന ശ്രീ വെങ്കയ്യ നായിഡു ഉൾപ്പെടെയുള്ള പ്രമുഖരും നൂറ്റിപ്പതിനഞ്ചു രാജ്യങ്ങളിൽനിന്നുള്ള പ്രഗൽഭവ്യക്തികളും പങ്കെടുക്കുകയുണ്ടായി. വേൾഡ് ഫിലിം സൊസൈറ്റി, വേൾഡ് മെഡിക്കൽ കൗൺസിൽ, ഇന്റർനാഷണൽ മാരിടൈം ക്ലബ് തുടങ്ങിയവയുടെ സഹകരണത്തോടെ ഭാരതത്തിലും വിദേശരാജ്യങ്ങളിലും നിരവധി പുരസ്കാരദാനച്ചടങ്ങുകൾ 'ഇൻഡിവുഡ്" സംഘടിപ്പിച്ചിട്ടുണ്ട്. യുനെസ്ക്കോ, യു എൻ വുമൺ, മുതലായ ഐക്യരാഷ്ട്ര സഭാ സന്നദ്ധ സ്ഥാപനങ്ങളുടെ പങ്കാളിത്തവും പ്രധാനമന്ത്രിയുടെ ആശംസാപത്രവും മേക്ക് ഇൻ ഇന്ത്യ വിദേശകാര്യവകുപ്പ് എന്നിവരുടെ ഔദ്യാഗിക സഹകരണവും മുൻകാലങ്ങളിൽ ഇൻഡിവുഡിന്റെ ആദിമുഖ്യത്തിൽ നടത്തപ്പെട്ടിട്ടുള്ള പരിപാടികൾക്ക് ലഭിച്ചിട്ടുണ്ട്. ഓരോ മേഖലയിലും അങ്ങേയറ്റത്തെ നൈപുണ്യം കൈവരിച്ച വിധികർത്താക്കളുടെ സഹായത്തോടെ, അതാത് രംഗത്ത് മികച്ച സംഭാവനകൾ നൽകിവരുന്ന പ്രതിഭകളെ തെരഞ്ഞെടുത്ത്, അവരുടെ സംഭാവനകളെക്കുറിച്ച് ഇൻഡിവുഡുമായി സഹകരിച്ച് പ്രവർത്തിയ്ക്കുന്ന വിവിധ മാധ്യമ ശൃംഖലകളിലൂടെ അന്താരാഷ്ട്ര സമൂഹത്തിന് പരിചയപ്പെടുത്തുക എന്ന കർത്തവ്യമാണ് ഈ പുരസ്കാരങ്ങളിലൂടെ കാലങ്ങളായി നിർവഹിയ്ക്കപ്പെട്ടു പോരുന്നത്. അതാത് മേഖലയുടെ വളർച്ചയ്ക്കും ആഗോള പ്രചാരത്തിനും നിക്ഷേപത്തിനുമുള്ള നിരവധി അവസരങ്ങൾ അതുവഴി കഴിഞ്ഞ വർഷങ്ങളിൽ സൃഷ്ടിയ്ക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

അഞ്ചു വർഷങ്ങൾക്കു മുൻപ് 2020ൽ തുടക്കം കുറിച്ച ഇൻഡിവുഡ് ഭാഷാ സാഹിത്യ പുരസ്കാര മേള വഴി നിരവധി സാഹിത്യ പ്രതിഭകൾക്ക് പ്രോത്സാഹനം നൽകാൻ കഴിഞ്ഞതിന്റെ പശ്ചാത്തലത്തിലും ഇതുപോലെയുള്ള പുരസ്കാരങ്ങൾ മലയാള സാഹിത്യ സാംസ്കാരിക രംഗത്തിന് വീണ്ടും പ്രചോദനമേകുമെന്നുമുള്ള വിശ്വാസത്തിലുമാണ് ഇൻഡിവുഡ് ഇത്തരം ഒരു പരിപാടിയുടെ സംഘാടന ചുമതല വീണ്ടും ഏറ്റെടുക്കുന്നത്.

# നിയമാവലി

1. മലയാള ഭാഷയുടെ ഈ ഏറ്റവും വലിയ പുരസ്കാരമേളയിൽ നമ്മുടെ നാടിന്റെ ഭാവി വാഗ്ദാനങ്ങളാവേണ്ട പുതുതലമുറയുടെ ഒരു വലിയ പ്രാതിനിധ്യം ഉൾപ്പെടുത്തിയിരിക്കുന്നു എന്നതാണ് ഇത്തവണത്തെ പുരസ്കാരത്തിന്റെ പ്രത്യേകത.

   അതിനാൽ സ്കൂൾ കോളേജ് തലത്തിൽ നിന്നു തന്നെ മികച്ച ഭാഷാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നവർക്കും ഇത്തവണ സമ്മാനങ്ങളുണ്ട്.

   അനുബന്ധം ഒന്നിൽ നൽകിയിരിക്കുന്ന പ്രകാരം, ഇരുപത്തിയഞ്ച് വ്യത്യസ്ത മേഖലകളിൽ മികവ് പുലർത്തിയവർക്കാണ് ഈ വർഷം പുരസ്കാരങ്ങൾ നൽകുന്നത്.

2. ഭാഷാ കേസരി പുരസ്കാരം ഒഴിച്ചുള്ള മറ്റ് മേഖലകളിലേയ്ക്ക് പരിഗണിയ്ക്കപ്പെടാൻ ആഗ്രഹിയ്ക്കുന്നവർ അവരുടെ രചനകൾ 2019 ജനുവരി 1 ന് ശേഷം എഴുതിയതോ പ്രസിദ്ധീകരിച്ചതോ ആയിരിക്കണം. ഈ രചനകൾ തപാൽ മുഖേന അവസാന പേജിൽ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ 2025 ജൂലൈ 31 ന് അകം എത്തിച്ച് താല്പര്യം അറിയിക്കേണ്ടതാണ്. ഇതിൽ മത്സരത്തിന് പരിഗണിക്കാൻ ആഗ്രഹിക്കുന്ന കൃതിയുടെ വിശദാംശങ്ങളും, വിശദമായ ജീവചരിത്രകുറിപ്പും ഉൾക്കൊള്ളിയ്ക്കാവുന്നതാണ്.

3. മികച്ച കൃതി കണ്ടെത്തുക എന്നതിലുപരി, മികച്ച യുവ എഴുത്തുകാരെ കണ്ടെത്തി പ്രോത്സാഹിപ്പിയ്ക്കുക എന്നതാണ് ഇൻഡിവുഡ്ഡിന്റെ ഉദ്ദേശലക്ഷ്യം എന്നതിനാൽ ഒരു വ്യക്തിയുടെ നിർദിഷ്ട മേഖലയിലെ ഒന്നോ അതിലധികമോ രചനകളും രചനാ പാടവവും ആയിരിയ്ക്കും പുരസ്കാരം നൽകുന്നതിലെ മാനദണ്ഡം.

4. ഈ തവണ യുവ എഴുത്തുകാർക്ക് പ്രാധാന്യം നൽകുവാൻ തീരുമാനിച്ചിരിക്കുന്നതിനാൽ , ഭാഷാകേസരി പുരസ്കാരം ഒഴിച്ചുള്ള മറ്റ് ഇരുപത്തിയഞ്ച് വിഭാഗങ്ങളിലെ പുരസ്കാരങ്ങൾ 35 വയസ്സിൽ താഴെയുള്ള പ്രതിഭകൾക്കായി നിജപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ചുരുക്കപ്പട്ടികയിൽ ഇടം പിടിക്കുന്ന അപേക്ഷകർ അവരുടെ പ്രായം തെളിയിക്കുന്ന ഔദ്യോഗിക രേഖകൾ ഹാജരാക്കേണ്ടതുണ്ട്.

5. വായനക്കാർക്കും പൊതുജനങ്ങൾക്കും, സ്കൂൾ കോളേജ് അധികൃതർക്കും ഈ പുരസ്കാരങ്ങൾക്ക് അർഹരാണ് എന്ന് അവർ കരുതുന്ന വ്യക്തികളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. നാമനിർദ്ദേശത്തോടൊപ്പം മത്സരവിഭാഗം എതെന്ന് വ്യക്തമാക്കുകയും പ്രസ്തുത വ്യക്തിയെക്കുറിച്ചുള്ള വിശദമായ ജീവചരിത്രക്കുറിപ്പ് അതിനോടൊപ്പം ചേർക്കുകയും ചെയ്യേണ്ടതാണ്.

6. നാമനിർദേശം ചെയ്യപ്പെടുകയോ താൽപര്യപ്പെടുകയോ ചെയ്യുന്ന രചയിതാക്കളുടെ കൃതികൾ, പ്രശസ്തവും വിധികർത്താക്കൾക്ക് പരിചയമുള്ളതും ആണെങ്കിൽ അവ അയച്ചുതരണം എന്നത് നിർബന്ധമല്ല. എന്നാൽ വിധികർത്താക്കൾ ആവശ്യപ്പെടുന്ന പക്ഷം കൃതികൾ നേരിട്ട് അയച്ചുതരേണ്ടതാണ്. മുൻനിര പത്രങ്ങളിലോ വിശ്വാസയോഗ്യമായ ഓൺലൈൻ മീഡിയകളിലോ പ്രസിദ്ധീകരിക്കപ്പെട്ടവയുടെ ലിങ്കുകളും സ്വീകാര്യമാണ്.

7. തിരക്കഥാ വിഭാഗത്തിൽ ഉൾപ്പെടെ ഇതുവരെ പ്രസിദ്ധീകരിക്കുകയോ സിനിമയാക്കുകയോ ചെയ്തിട്ടില്ലാത്ത കൃതികളും പരിഗണിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ രചയിതാവ് ഉടമസ്ഥത സാക്ഷ്യപ്പെടുത്തുന്ന സാക്ഷ്യപത്രം നൽകേണ്ടതാണ്.

8. ലഭിച്ച അപേക്ഷകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട നാമനിർദ്ദേശങ്ങൾ വിധികർത്താക്കൾക്ക് കൈമാറുകയും അവരുടെ നിർദ്ദേശപ്രകാരം നിശ്ചിത തീയതിയിൽ ഫലം പ്രഖ്യാപിക്കുകയും ചെയ്യുന്നതാണ്.

9. മലയാള ഭാഷാസാഹിത്യത്തിലെ സമഗ്ര സംഭാവനയ്ക്ക് ഇൻഡിവുഡ് ഏർപ്പെടുത്തിയ അഞ്ചു ലക്ഷത്തിയൊന്ന് രൂപ (Rs.500001) സമ്മാനത്തുകയുള്ള ഭാഷാ കേസരി പുരസ്കാര സമർപ്പണത്തോടൊപ്പമായിരിയ്ക്കും ഭാഷാ സാഹിത്യ പുരസ്കാരങ്ങളും വിജയികൾക്കു സമ്മാനിയ്ക്കുക.

10. ഈ പുരസ്കാരത്തിന് ലഭിച്ച ഏതൊരു അപേക്ഷയിലും, അപേക്ഷകനെ പ്രത്യേകിച്ച് കാരണങ്ങൾ ബോധിപ്പിക്കാതെ തന്നെ എന്തു തീരുമാനവും എടുക്കാനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ഇൻഡിവുഡ് സംഘാടക സമിതിയിലും വിധികർത്താക്കളിലും നിക്ഷിപ്തമാണ്. അവരുടെ തീരുമാനം അന്തിമമായിരിക്കും.

11. മത്സരഫലം സംബന്ധിച്ച വിധികർത്താക്കളുടെ എതു തീരുമാനവും അന്തിമമായിരിയ്ക്കും, അതോടൊപ്പം അനുബന്ധം ഒന്നിൽ മത്സരത്തിനായി നൽകിയിരിക്കുന്ന മേഖലകളിൽ ഏതു സമയത്തും മാറ്റം വരുത്തുവാനോ റദ്ദാക്കാനോ ഉള്ള പരിപൂർണ്ണ അധികാരവും സ്വാതന്ത്ര്യവും ഇൻഡിവുഡ് സംഘാടക സമിതിയ്ക്കും വിധികർത്താക്കൾക്കും ഉണ്ടായിരിക്കും.

12. അടിയന്തര സാഹചര്യങ്ങളിൽ മത്സര സംബന്ധമായി ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന തീയതികളിലും നിബന്ധനകളിലും എതു രീതിയിലുള്ള മാറ്റം വരുത്തുവാനും ഉള്ള പരിപൂർണ്ണ സ്വാതന്ത്ര്യം സംഘാടക സമിതിയ്ക്കും വിധികർത്താക്കൾക്കും ഉണ്ടായിരിക്കും.

13. ഈ പുരസ്കാരങ്ങൾ സംബന്ധമായി അപേക്ഷകരിൽ നിന്ന് യാതൊരുവിധ ഫീസോ മറ്റ് ആനുകൂല്യങ്ങളോ ഒരു ഘട്ടത്തിലും സംഘാടകർ ഈടാക്കുന്നതല്ല. അത്തരത്തിലുള്ള എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ സംഘാടക സമിതിയെ വിവരം അറിയിക്കേണ്ടതാണ്.

14. ഇൻഡിവുഡ് സംബന്ധമായി കൂടുതൽ വിവരങ്ങൾക്ക് www.indywood.co.in വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

## അനുബന്ധം 1

# ഭാഷാ കേസരി പുരസ്കാരം 2025

സമഗ്ര സംഭാവനയ്ക്കുള്ള പ്രത്യേക പുരസ്കാരം (അഞ്ചു ലക്ഷത്തിയൊന്ന് രൂപയും പ്രശസ്തിപത്രവും)

## മറ്റ് പുരസ്കാരങ്ങൾ

**പതിനായിരം രൂപ വീതം**

1. മികച്ച നോവലിസ്റ്റ്
2. മികച്ച തിരക്കഥാകൃത്ത്
3. മികച്ച കഥാകൃത്ത്
4. മികച്ച കവി
5. മികച്ച ഗാന രചയിതാവ്
6. മികച്ച ജീവചരിത്രകാരൻ
7. മികച്ച യാത്രാവിവരകൻ
8. മികച്ച നിരൂപകൻ
9. മികച്ച ഭാഷാ ഗവേഷകൻ
10. മികച്ച പരിഭാഷകൻ
11. മികച്ച ബാലസാഹിത്യകാരൻ
12. മികച്ച ലേഖകൻ
13. മികച്ച വൈജ്ഞാനിക സാഹിത്യകാരൻ
14. മികച്ച ഹാസ്യകഥാകാരൻ
15. മികച്ച പാഠ്യ പുസ്തക രചയിതാവ്
16. സ്കൂൾ / കോളേജ് വിദ്യാർത്ഥികളിലെ മികച്ച ഗ്രന്ഥകാരൻ
17. മികച്ച ഹ്രസ്വ സാഹിത്യ രചയിതാവ്
18. മികച്ച കുറ്റാന്വേഷണ രചയിതാവ്
19. മികച്ച അക്കാദമിക്കൽ/ പ്രൊഫഷണൽ ബയോഗ്രഫി രചയിതാവ്
20. മികച്ച ഗ്രന്ഥശാല
21. മികച്ച പ്രസാധകൻ
22. മികച്ച സ്കൂൾ /കോളേജ് തല ഗ്രന്ഥശാല.
23. മികച്ച സ്കൂൾ /കോളേജ്– ടാലന്റ്/ ലിറ്ററി ക്ലബ്
24. മികച്ച സ്കൂൾ /കോളേജ് മാഗസിൻ
25. മികച്ച സ്ഥാപന/കമ്പനി തല മാഗസിൻ.



**അവസാന തീയതി**
**2025 ജൂലൈ 31**

**അന്വേഷണങ്ങൾക്ക്**

Email: **indywood@malayalamawards2025.com** | Whatsapp/ call: **9539000535**

രചനകൾ അയയ്ക്കേണ്ട വിലാസം By post
('ഭാഷസാഹിത്യപുരസ്കാരത്തിനായി' എന്ന് കവറിൽ പ്രത്യേകം എഴുതുക)

**Aickarakonam Public Library and Reading room**
**Kakodu P O, Punalur, Kollam, Pincode 691331**
**M: +919447334293**

**www.indywood.co.in**